**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളും നിബന്ധനകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾക്ക് ഏകീകൃതമായ നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്കായി "കില" തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് അംഗീകരിച്ചു കൊണ്ടും പ്രസ്തുത ചെക്ക് ലിസ്റ്റ് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷന് അനുമതി നൽകിയും 03.03.2017 തീയതിയിൽ സ.ഉ(സാധാ) നം. 605/2017/തസ്വഭവ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്ന citizen.lsgkeral.gov.in എന്ന സിറ്റിസൺ പോർട്ടലിൽ ഓരോ സേവനത്തിനും ആവശ്യമായ രേഖകൾ ചെക്ക് ലിസ്റ്റ് ആയി നൽകിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി നൽകുമ്പോൾ ഈ ചെക്ക് ലിസ്റ്റ് പ്രകാരമാണ് രേഖകൾ അപ്ലോഡ് ചെയ്യേണ്ടത്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസിൽ നേരിട്ട് അപേക്ഷകൾ നൽകുമ്പോൾ ILGMS ൽ ചേർത്തിട്ടുള്ള ലിസ്റ്റുകൾ പ്രകാരമാണ് രേഖകൾ ആവശ്യപ്പെടുക. നിർബന്ധമായും ഹാജരാക്കേണ്ട ഏതെങ്കിലും രേഖ അപേക്ഷയോടൊപ്പം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത അപാകത വ്യക്തമാക്കികൊണ്ടുള്ള അപാകതാ കത്തും അപേക്ഷ സ്വീകരിച്ചതിനുള്ള രസീതിനൊപ്പം ലഭിക്കുന്നതാണ്. 2024 ജനുവരി ഒന്ന് മുതൽ നഗരസഭകളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് സംവിധാനത്തിലും ചെക്ക് ലിസ്റ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷ നൽകുമ്പോൾ ഈ ചെക്ക് ലിസ്റ്റുകൾ പ്രകാരമുള്ള രേഖകളാണ് ആവശ്യപ്പെടുക. |
| (ബി) | ഒരേ സേവനത്തിന് വിവിധ ഓഫീസുകൾ വിവിധ രേഖകൾ ആവശ്യപ്പെടുന്നതും സേവനം നിഷേധിക്കുന്ന രീതിയിൽ നിബന്ധനകൾ ഏർപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനു നടപടി | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ